# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1813 — 31.01.2018-ൽ മറുപടിക്ക്

**മൃഗശാലാ - മ്യൂസിയം വകുപ്പിൽ വനിതാ ഗാർഡൻ സൂപ്പർവൈസറെ നിയമിക്കുന്നതിനു നടപടി**

ചോദ്യം
ശ്രീമതി. ഇ.എസ്.ബിജിമോൾ

മറുപടി
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മ്യൂസിയം-മൃഗശാലാ വകുപ്പിൽ ഗാർഡനർമാരുടെ തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ ; | (എ) | ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾ പ്രകാരമാണ് മ്യൂസിയം മൃഗശാലാ വകുപ്പിൽ ഗാർഡനർ തസ്തികയിൽ നിയമനം നടത്തുന്നത്. |
| (ബി) | സ്പെഷ്യൽ റൂളിൽ തടസമൊന്നുമില്ലാതിരുന്നിട്ടും ഗാർഡനർമാരായി നിയമനം നടത്തുന്നതിന് വനിതകളെ 2012 വരെ പരിഗണിക്കാതിരുന്നത് എന്തുകൊണ്ട് ; വ്യക്തമാക്കാമോ; | (ബി) & (സി) | ഗാർഡനറുടെ ജോലി സ്വഭാവമനുസരിച്ച് വനിതകളെ നിയമിക്കുന്നത് അനുയോജ്യകരമായിരിക്കുകയില്ലയെന്നുള്ളത് കൊണ്ടാണ് 2012 വരെ വനിതകളെ ഗാർഡനർമാരായി നിയമനം നടത്തുന്നതിന് പരിഗണിക്കാതിരുന്നത്. നിലവിലെ സ്പെഷ്യൽ റൂളിൽ ഗാർഡനർ തസ്തികയിലെ പുരുഷൻമാർക്കും, വനിതകൾക്കും പ്രത്യേക നിയമം അനുശാസിക്കുന്നില്ല. ആയതിനാൽ അനുപാതം നിശ്ചയിക്കുവാൻ സാധിക്കുകയില്ല. |
| (സി) | 2012 മുതൽ വനിതകളെ ഗാർഡനർമാരായി നിയമിച്ചുവരുന്നതിനാൽ പുരുഷൻമാരും വനിതകളും തമ്മിൽ ഈ തസ്തികയിൽ ഒരു അനുപാതം നിശ്ചയിച്ച് തീരുമാനിക്കുന്ന കാര്യം പരിഗണിക്കുമോ; | | |
| (ഡി) | ഹൈദരാബാദ് നെഹ്റു സുവോളജിക്കൽ പാർക്കിൽ വനിതാ ഗാർഡനർമാരെ സൂപ്പർവൈസർമാരായി നിയമിച്ചുവരുന്നതുപോലെ കേരളത്തിലെ മൃഗശാലാ-മ്യൂസിയം വകുപ്പിലും വനിതാ സൂപ്പർവൈസറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; | (ഡി) | ഗാർഡൻ സൂപ്പർ വൈസർ തസ്തിക മ്യൂസിയം മൃഗശാലാ വകുപ്പിലെ സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ട തസ്തികയാണ്. അതിൻ പ്രകാരമുള്ള നിയമന നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. |
| (ഇ) | ഗാർഡൻ സൂപ്പർവൈസർമാരുടെ നിലവിലുള്ള തസ്തികയിൽ ഒരെണ്ണം വനിതാ സൂപ്പർവൈസറുടെ | (ഇ) | നിലവിലുള്ള നിയമ പ്രകാരം ഗാർഡനർ എന്നോ വനിതാ ഗാർഡനർ എന്നോ, കാറ്റഗറി വ്യത്യാസമില്ലാതെ പൊതുവായിട്ടുള്ള |

| | | | |
|---|---|---|---|
| | തസ്തികയാക്കിമാറ്റുന്നകാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ ? | | പ്രൊമോഷൻ തസ്തികയാണ് ഗാർഡൻ സൂപ്പർ വൈസർ തസ്തിക. നിലവിലുള്ള രണ്ട് ഗാർഡൻ സൂപ്പർവൈസർ തസ്തികയിൽ ഒരെണ്ണം വനിതാ സൂപ്പർ വൈസർ തസ്തികയാക്കിയാൽ ഏറ്റവും സീനിയറായിട്ടുള്ള ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ നൽകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**